**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** **07-10-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യസുരക്ഷാ പെൻഷനിൽ കേന്ദ്ര വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസ വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത് ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. |
| (ബി) | ഇവയിൽ കേന്ദ്രവിഹിതം ഏതെല്ലാം പെൻഷനുകൾക്കാണ് നൽകുന്നത് എന്നും എത്ര തുകയാണ് നൽകുന്നത് എന്നും വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന വാർദ്ധക്യകാല പെൻഷൻ (60 വയസ്സ് മുതൽ 79 വയസ്സ് വരെ), വാർദ്ധക്യകാല പെൻഷൻ (80 വയസ്സും അതിനു മുകളിലും), വിധവാ പെൻഷൻ, വികലാംഗ പെൻഷൻ (18 വയസ്സും അതിനു മുകളിലും 80% ഡിസെബിലിറ്റി) എന്നിങ്ങനെ യഥാക്രമം 200രൂപ, 500രൂപ, 300രൂപ, 300രൂപ വീതം കേന്ദ്ര വിഹിതത്തോടെ 8,46,456 പേർക്ക് ബാക്കി തുക സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് 1600 രൂപ |

| | | | |
|---|---|---|---|
| | | | വീതം സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ഇത് കൂടാതെ (നിലവിൽ 36,80,587 പേർക്ക്) വിതരണം ചെയ്യുന്ന സാമൂഹ്യസുരക്ഷാപെൻഷൻ 1600 രൂപ വീതം പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നിലവിൽ പെൻഷൻ ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് തുക ലഭിക്കാനുണ്ടോ എന്ന് വിശദമാക്കാമോ; | (സി) | നിലവിൽ 2023-24 സാമ്പത്തിക വർഷത്തെ ആദ്യപാദം (2023 ജൂൺ മാസം) വരെയുള്ള കേന്ദ്രവിഹിതം മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തെ രണ്ടാം പാദം (2023 ജൂലൈ) മുതൽ 2024-25 രണ്ടാം പാദം (2024 സെപ്റ്റംബർ) വരെയുള്ള 375.57 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്ന് കുടിശ്ശികയായി ലഭിക്കാനുണ്ട്. |
| (ഡി) | പ്രസ്തുത കുടിശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ 2023-24 സാമ്പത്തിക വർഷത്തെ ആദ്യപാദം (2023 ജൂൺ മാസം) വരെയുള്ള കേന്ദ്രവിഹിതം മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തെ രണ്ടാം പാദം (2023 ജൂലൈ) മുതൽ 2024-25 രണ്ടാം പാദം (2024 സെപ്റ്റംബർ) വരെയുള്ള 375.57 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്ന് കുടിശ്ശികയായി ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് നൽകുന്ന പ്രതിമാസ തുകയും നിലവിലെ എണ്ണവും**

| ക്രമ നം | പെൻഷൻ തരം | മാനദണ്ഡം | പ്രതിമാസ കേന്ദ്ര വിഹിതം | പ്രതിമാസ സംസ്ഥാന വിഹിതം | ഗുണഭോക്താക്കളുടെ എണ്ണം | സംസ്ഥാനം സ്വന്തം നിലയിൽ വിതരണം ചെയ്യുന്നത് | | | നിലവിൽ ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| | | | | | | മാനദണ്ഡം | പ്രതിമാസ നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം | |
| 1 | വാർദ്ധക്യകാല പെൻഷൻ | 60 വയസ്സ് മുതൽ 79 വയസ്സ് വരെ | 200 | 1400 | 3,42,032 | 60 വയസ്സും അതിന് മുകളിലും | 1600 | 23,36,725 | **27,95,538** |
| | | 80 വയസ്സും അതിന് മുകളിലും | 500 | 1100 | 1,16,781 | | | | |
| 2 | ഡിസബിലിറ്റി പെൻഷൻ | 18 വയസ്സും അതിന് മുകളിലും, ഡിസബിലിറ്റി 80% വും അതിന് മുകളിലും | 300 | 1300 | 19,285 | പ്രായപരിധി ഇല്ല, ഡിസബിലിറ്റി 40% വും അതിനു മുകളിലും | 1600 | 3,78,354 | **3,97,639** |
| 3 | വിധവാ പെൻഷൻ | 40 വയസ്സും അതിന് മുകളിലും | 300 | 1300 | 3,68,358 | 18 വയസ്സും അതിന് മുകളിലും | 1600 | 9,65,508 | **13,33,866** |
| | | **ആകെ** | | | **8,46,456** | | | **36,80,587** | **45,27,043** |